**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 277** **29-01-2024 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി ഐ.പി. വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി ഐ.പി. വിഭാഗം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ; | (എ) | 24 മണിക്കൂറും പ്രവർത്തിക്കുന്ന പുതുക്കാട് താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ ഇല്ലാത്തതിനാൽ നിലവിലെ സ്പെഷ്യാലിറ്റി വിഭാഗമായ ഗൈനക്കോളജിസ്റ്റിന്റെ സേവനം കൂടി ഉപയോഗപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നത്. ഈ ആശുപത്രിയിലേയ്ക്ക് അനസ്തേഷ്യ വർക്ക് സ്റ്റേഷൻ ലഭിക്കുന്നതിനായി കെ.എം.എസ്.സി.എൽ ന് അപേക്ഷ നൽകിയിട്ടുണ്ട്. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ ഇല്ലാത്തതിനാൽ 4 അസിസ്റ്റന്റ് സർജന്മാരെ താൽക്കാലിക അടിസ്ഥാനത്തിൽ സേവനം ലഭ്യമാക്കാൻ ദേശീയ ആരോഗ്യ ദൗത്യത്തിന് അപേക്ഷ നൽകിയിട്ടുണ്ട്. അനസ്തേഷ്യ വർക്ക് സ്റ്റേഷനും കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരെയും ലഭ്യമാകുന്ന മുറയ്ക്ക് പുതുക്കാട് താലൂക്ക് ആശുപത്രിയിൽ നിലവിലുള്ള ഗൈനക്കോളജിസ്റ്റുമാരുടെ സേവനം ഉപയോഗപ്പെടുത്തി ഗൈനക്കോളജി ഐ.പി പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത വിഭാഗം എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത ഐ.പി. വിഭാഗത്തിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്ന കൂടുതൽ സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ